"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ കരിന്തളം വില്ലേജ് റീ.സ.നം. 89/1 ൽ പ്പെട്ട 4.8564 ഹെക്ടർ (12 ഏക്കർ) സർക്കാർ ഭൂമി 400 കെ.വി സബ് സ്റ്റേഷൻ നിർമ്മാണത്തിനും നടത്തിപ്പിനുമായി ഉഡുപ്പി കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡിന് കമ്പോളവിലയുടെ 5% വാർഷിക പാട്ട നിരക്കിൽ നിലവിലുള്ള പാട്ട വ്യവസ്ഥകൾക്ക് വിധേയമായി 30 വർഷത്തേക്ക് പാട്ടത്തിന് നൽകി പുറപ്പെടുവിച്ച 11/3/2022-ലെ സ.ഉ.(കൈ)67/2022/റവ നമ്പർ ഉത്തരവ് ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എം) വകുപ്പ്**

സ.ഉ.(കൈ) നം.78/2025/RD തീയതി,തിരുവനന്തപുരം, 18-03-2025

---

പരാമർശം:-

1. 11/3/2022-ലെ ജി.ഒ.(എം.എസ്) നം.67/2022/RD നമ്പർ ഉത്തരവ്.
2. ഉഡുപ്പി കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (UKTL) വൈസ് പ്രസിഡന്റ് സമർപ്പിച്ച 4.5.2022ലെ UKTL/2020-2021/20220310/SS/Com/0346 നമ്പർ അപേക്ഷ.
3. കാസർഗോഡ് ജില്ലാ കളക്ടറുടെ 17/05/22-ലെ ഡി.സി.കെ.എസ്.ജി.ഡി/ 5619/2021/സി6 നമ്പർ കത്ത്.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 03/10/2022-ലെ എൽ.ആർ/10744/22/എൽ.ആർ.ജെ.10 നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിൽ കരിന്തളം വില്ലേജിൽ റീസർവ്വേ നം. 89/1 ൽ പെട്ട 4.8564 ഹെക്ടർ (12 ഏക്കർ) സർക്കാർ ഭൂമി ഉഡുപ്പി കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡിന് (UKTL) 400 കെ.വി സബ് സ്റ്റേഷൻ നിർമ്മാണത്തിനും നടത്തിപ്പിനുമായി കമ്പോള വിലയുടെ 5% വാർഷിക പാട്ട നിരക്കിൽ നിശ്ചിത പാട്ട വ്യവസ്ഥകൾക്ക് വിധേയമായി 30 വർഷത്തേക്ക് പാട്ടത്തിന് നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ഉഡുപ്പി കാസർഗോഡ് ട്രാൻസ്മിഷൻ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി

മേല്പറഞ്ഞ ഉത്തരവിലെ പാട്ടവ്യവസ്ഥകളിൽ ഇളവനുവദിക്കണ മെന്നാവശ്യപ്പെട്ട് UKTL അധികൃതർ പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം ജില്ലാ കളക്ടർ ലഭ്യമാക്കിയിരുന്നു.

3. പരാമർശം (4) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പദ്ധതിയുടെ കാലയളവ് 35 വർഷമായതിനാൽ ഏറ്റവും ചുരുങ്ങിയത് ആ കാലയളവിലേക്കെങ്കിലും പാട്ടം അനുവദിക്കണ മെന്ന് ഊർജവകുപ്പ് അറിയിച്ചിരുന്നു. നിലവിലെ പാട്ട വ്യവസ്ഥകൾക്കു വിധേയമായി പദ്ധതിയുടെ കാലയളവായ 35 വർഷത്തേക്ക് പാട്ടത്തിന് ഭൂമി അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ് എന്ന് ധനകാര്യ വകുപ്പും അഭിപ്രായമറിയിച്ചു, പ്രസ്തുത സാഹചര്യത്തിൽ, പദ്ധതിയുടെ കാലയളവ് 35 വർഷമായതിനാൽ, പരാമർശം (1) ഉത്തരവിലെ പാട്ടക്കാലാവധി 30 വർഷം എന്നത് 35 വർഷം എന്ന് ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ,തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർഗോഡ്
അക്കൗണ്ടന്റ് ജനറൽ (എ &ഇ/ഓഡിറ്റ് ) കേരള, തിരുവനന്തപുരം
UKTL, Project Office:13/184B, Jasmine House, Melparamba, Kasargod - 671317.
തഹസിൽദാർ, വെള്ളരിക്കുണ്ട് താലൂക്ക്
ധനകാര്യ വകുപ്പ് (26/12/24) ലെ EXP-A1/543/2021-FIN പ്രകാരം)
ഊർജ്ജ വകുപ്പ് (PWR-C2/228/2021-POWER പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
11/3/2022-ലെ സ.ഉ.(എം.എസ്) 67/22/RD നമ്പർ തീർപ്പ ഫയലിലേക്ക്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
സെക്ഷൻ ഓഫീസർ
Kumari Sindhu S
Date: 18-03-2025 14:29:06